**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2469** **02-08-2021 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാര മേഖലയിൽ നഷ്ടപ്പെട്ട തൊഴിലവസരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരി കാരണം വിനോദ സഞ്ചാര മേഖലയിൽ നഷ്ടപ്പെട്ട തൊഴിലവസരങ്ങളെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; | (എ) | തൊഴിൽ നഷ്ടം സംബന്ധിച്ച പഠനങ്ങൾ ഒന്നും തന്നെ പ്രത്യേകമായി നടത്തിയിട്ടില്ല. എന്നിരുന്നാലും 2019 ലെ സ്ഥിതിവിവരകണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ 2020 കലണ്ടർ വർഷം വിദേശവിനോദസഞ്ചാരികളുടെ വരവിൽ 71.36 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്. ആഭ്യന്തരവിനോദസഞ്ചാരികളുടെ വരവിലും 72.86 ശതമാനം ഇടിവ് ഉണ്ടായി. വിദേശനാണ്യ വരുമാനത്തിൽ 2019 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 7000 ൽ പരം കോടി രൂപയുടെയും ആകെ വരുമാനത്തിൽ (വിദേശനാണ്യം + ആഭ്യന്തര ടൂറിസം + പരോക്ഷ വരുമാനം) 33000 കോടി രൂപയുടെയും ഏകദേശ നഷ്ടം കണക്കാക്കിയിട്ടുണ്ട്. എന്നാൽ 2021 വർഷവും കോവിഡ് മഹാമാരിയുടെ ആഘാതം ടൂറിസം മേഖലയിൽ തുടരുകയാണ്. 2020 കലണ്ടർ വർഷം ജനുവരിയിൽ വിദേശ / ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിൽ വളർച്ചയും 2020 ഫെബ്രുവരിയിൽ ആഭ്യന്തരവിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വളർച്ചയുമാണ് ഉണ്ടായത്. ആയതിനാൽ 2020 ആദ്യപാദവുമായി താരതമ്യം നടത്തിയാൽ പോലും യഥാർത്ഥ നഷ്ട കണക്കുകൾ ഇനിയും കൂടാനിടയുണ്ട്. പ്രസ്തുത സ്ഥിതിവിവരകണക്കുകൾ അനുസരിച്ച് കോവിഡ് മഹാമാരി ടൂറിസം മേഖലയിലെ തൊഴിലവസരങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട് എന്ന് അനുമാനിക്കാം. |
| (ബി) | എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ